മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ, ബി) തദ്ദേശ പ്രാധാന്യത്തിൽ കവിഞ്ഞു പ്രാധാന്യമുള്ള പഞ്ചായത്തു റോഡുകൾ ഗവണ്മെന്റു് ഏറ്റെടുക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

(സി) മല്ലപ്പള്ളി റോഡുകൾ ഏറ്റെടുക്കുന്ന കാര്യം തീരുമാനിക്കുന്ന മുറയ്ക്കു് ഈ റോഡിന്റെ കാര്യവും പരിഗണിക്കുന്നതാണു്.

പുതിയ വ്യവസായങ്ങൾ

* 54 [126] ശ്രീ കെ. എ ശിവരാമഭാരതി.
ശ്രീ. പി. കെ ചന്ദ്രാനന്ദൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നത്തെ മന്ത്രി സഭ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച വ്യവസായങ്ങൾ ഏവ;

(ബി) അവകളിൽ ജോലി ലഭിച്ച തൊഴിലാളികളുടെ എണ്ണമെത്ര?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ, ബി) വിവരങ്ങളടങ്ങുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

ഗവണ്മെന്റുമായി ബന്ധമുള്ള വ്യവസായസ്ഥാപനങ്ങൾ

* 55 [127] ശ്രീ എ. ഫസൽ, പുതുക്കാട്ടിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റുമായി ബന്ധമുള്ള വ്യവസായ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഹരിജനങ്ങൾക്കും മറ്റു പിന്നോക്ക സമുദായങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്നില്ല എന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ ടി. വി. തോമസ്):

(എ) ഉണ്ടു്.

(ബി) നിയമനം നടത്തുന്നതിനും ഒരു പുതിയ സംഘടനയെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

വ്യവസായങ്ങൾ ആരംഭിക്കാത്ത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

* 56. [129] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പണിപൂർത്തിയായിട്ടും വ്യവസായങ്ങൾ ആരംഭിക്കാത്ത എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടു് ;

(ബി) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാത്തതെന്തുകൊണ്ടാണു് ;

(സി) പ്രസ്തുത എസ്റ്റേറ്റിൽ വ്യവസായം ആരംഭിക്കുവാൻ എത്ര വ്യവസായികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടു് ?

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly